2023
APRIL
07
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ




# ക്രൂഡ് ഓയിൽ വില ഉയരുന്നു; ഇന്ധനവില കുറയാൻ സാധ്യത മങ്ങി

**കൊച്ചി:** രാജ്യത്ത് ഇന്ധന വിലയിൽ മാറ്റമില്ലാതായിട്ട് ഇന്നേക്ക് ഒരു വർഷം. കഴിഞ്ഞ ഏപ്രിൽ ആറിനു ശേഷം എണ്ണക്കമ്പനികൾ ഇന്ധനവില കൂട്ടിയിട്ടില്ല. രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില കുറഞ്ഞപ്പോൾ ഇന്ധനവില കുറയ്ക്കാതെ ലാഭമെടുക്കുകയും ചെയ്തു. മേയ് 22ന് കേന്ദ്രസർക്കാർ എക്സൈസ് നികുതി കുറച്ചപ്പോഴാണ് അവസാനമായി രാജ്യത്ത് ഇന്ധന വിലയിൽ മാറ്റം വന്നത്. വില ദിവസവും പുതുക്കുന്ന രീതി ആരംഭിച്ച 2017നു ശേഷം ആദ്യമായാണ് ഇത്രയും നാൾ ഇന്ധനവില മാറ്റമില്ലാതെ തുടരുന്നത്.



എന്നാൽ സംസ്ഥാന സർക്കാർ രണ്ടു രൂപ വീതം സെസ് ഏർപ്പെടുത്തിയതോടെ കേരളത്തിൽ പെട്രോളിനും ഡീസലിനും ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിൽ പെട്രോളിനും ഡീസലിനും ഏറ്റവും കൂടുതൽ വിലയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് ഇപ്പോൾ കേരളം. വിലയിടിവ് പ്രതിരോധിക്കാൻ എണ്ണ ഉൽപാദനം വെട്ടിക്കുറയ്ക്കാനുള്ള ഒപെക് പ്ലസ് രാജ്യങ്ങളുടെ തീരുമാനത്തോടെ ക്രൂഡ് വില വീണ്ടും ഉയരുകയാണ്. ശരാശരി 70, 75 ഡോളറിൽ ഒരുമാസമായി നിന്നിരുന്ന വില ഇപ്പോൾ 84 ഡോളറിനു മുകളിലെത്തി. ഇതോടെ രാജ്യത്ത് ഇന്ധനവില കുറയാനുള്ള സാധ്യത മങ്ങി.

ക്രൂഡ് വില കൂടിയെങ്കിലും ഉടനെയൊന്നും ഇന്ധന വില വർധനയ്ക്കും കേന്ദ്രസർക്കാർ അനുമതി നൽകിയേക്കില്ല. പണപ്പെരുപ്പ നിരക്കിനെ ബാധിക്കുമെന്നതും കർണാടകയിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചിരിക്കുന്നതുമാണ് കാരണം. ഇതോടെ എണ്ണക്കമ്പനികളുടെ ലാഭത്തിൽ കുറവുണ്ടാകും. അങ്ങനെ വന്നാൽ ഭാവിയിൽ ക്രൂഡ് വില കുറഞ്ഞാലും എണ്ണ ക്കമ്പനികൾക്കുവേണ്ടി ഇന്ധന വില കുറയ്ക്കാതെയുള്ള സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക.

റഷ്യ യുക്രെയ്ൻ യുദ്ധ പശ്ചാത്തലത്തിൽ ക്രൂഡ് വില 110 ഡോളറിനും മുകളിലെത്തിയപ്പോൾ 2022 മാർച്ച് 22 മുതൽ ഏപ്രിൽ 6 വരെയുള്ള 16 ദിവസം കൊണ്ട് പെട്രോൾ ലീറ്ററിന് 10.89 രൂപയും ഡീസലിന് 10.53 രൂപയും വർധിപ്പിച്ചിരുന്നു. ഇതോടെ കേന്ദ്രം ഇടപെട്ട് നിരക്കു വർധന താൽക്കാലികമായി നിറ്‍ർത്തി. മേയ് 22ന് പെട്രോളിന് 8 രൂപയും ഡീസലിന് 6 രൂപയും കേന്ദ്രം എക്സൈസ് നികുതി കുറച്ചു.



# ട്രായിയുടെ ചാനൽ താരിഫ് ഹൈക്കോടതി ശരിവച്ചു

**കൊച്ചി:** ടെലികോം റഗുലേറ്ററി അതോറിറ്റി (ട്രായ്) ഇറക്കിയ പുതിയ ചാനൽ താരിഫ് ഉത്തരവു ഹൈക്കോടതി ശരിവച്ചു. ഒറ്റയ്ക്കോ കൂട്ടമായോ ഉള്ള ചാനൽ സബ്സ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ വിതരണക്കാർക്ക് ഓഫർ നൽകാൻ ബ്രോഡ്കാസ്റ്റിങ് കമ്പനിയെ അനുവദിക്കുന്ന റഗുലേഷനും കോടതി ശരിവച്ചു. 2022ൽ ട്രായ് കൊണ്ടുവന്ന റഗുലേഷനും താരിഫ് ഉത്തരവും ചോദ്യം ചെയ്ത് ഓൾ ഇന്ത്യ ഡിജിറ്റൽ കേബിൾ ഫെഡറേഷൻ, കേരള കമ്യൂണിക്കേറ്റേഴ്സ് കേബിൾ ലിമിറ്റഡ് എന്നിവർ നൽകിയ ഹർജി ജസ്റ്റിസ് ഷാജി പി. ചാലി തള്ളി.

വരിക്കാർക്ക് ഒരു കൂട്ടം ചാനലുകളുടെ പാക്കേജ് തയാറാക്കി നൽകുമ്പോൾ 19 രൂപ വരെ വിലയുള്ള ചാനൽ ഉൾപ്പെടുത്താൻ അനുവദിക്കുന്നതാണു പുതിയ താരിഫ് ഉത്തരവ്. നേരത്തേ 12 രൂപ വരെയുള്ള ചാനലുകളാണ് അനുവദിച്ചിരുന്നത്. റഗുലേഷൻ രൂപീകരിക്കാനും നിരക്ക് നിശ്ചയിക്കാനും നിയമപ്രകാരം ട്രായിക്ക് അധികാരമുണ്ട്. നടപടി നിയമവിരുദ്ധമോ സ്വേച്ഛാപരമോ അല്ലെന്നു കോടതി വ്യക്തമാക്കി.



# എയർ ഇന്ത്യയുടെ 23 നില കെട്ടിടം വാങ്ങാൻ മഹാരാഷ്ട്ര സർക്കാർ

**മുംബൈ:** നരിമാൻ പോയിന്റിൽ എയർ ഇന്ത്യയുടെ 23 നില കെട്ടിടം 1600 കോടി രൂപയ്ക്ക് മഹാരാഷ്ട്ര സർക്കാർ ഏറ്റെടുക്കാനുള്ള നടപടി അന്തിമഘട്ടത്തിലേക്ക്. എയർ ഇന്ത്യ അസറ്റ് ഹോൾഡിങ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വിൽക്കുന്നതിനോട് കമ്പനി അനുകൂല നിലപാട് സ്വീകരിച്ചതായാണ് വിവരം.

എയർ ഇന്ത്യയുടെ ആസ്ഥാനം 2013ൽ ഡൽഹിക്കു മാറ്റിയതോടെയാണ് നരിമാൻ പോയിന്റിലെ കെട്ടിടത്തിലെ മിക്ക നിലകളും ഒഴിഞ്ഞത്. മഹാരാഷ്ട്ര നിയമസഭാ മന്ദിരത്തിനും സെക്രട്ടേറിയറ്റിനും അടുത്താണിത്. സെക്രട്ടേറിയറ്റിൽ സ്ഥലപരിമിതിയുള്ളതിനാൽ കുറെ ഓഫിസുകൾ അങ്ങോട്ടു മാറ്റാമെന്ന ധാരണയിലാണ് സംസ്ഥാന സർക്കാർ ഇത് വാങ്ങാൻ ഉദ്ദേശിക്കുന്നത്.

# യുഎസ് സാമ്പത്തിക രംഗത്തെ ശക്തരായ വനിതകളിൽ 5 ഇന്ത്യൻ വംശജർ

**ന്യൂയോർക്ക്:** യുഎസ് സാമ്പത്തിക രംഗത്ത് ശക്തമായ സ്വാധീനം ചെലുത്തുന്ന 100 വനിതകളുടെ പട്ടികയിൽ അഞ്ച് ഇന്ത്യൻ വംശജരും.

വോൾസ്ട്രീറ്റ് ജേണലിന്റെ സഹോദര പ്രസിദ്ധീകരണമായ ബാരൺസിന്റെ വാർഷിക പട്ടികയിലാണ് യുഎസിലെ വിവിധ കമ്പനികളുടെ തലപ്പത്തുള്ള ഇന്ത്യൻ വംശജരായ 5 വനിതകൾ സ്ഥാനം പിടിച്ചത്. ധനസേവന രംഗത്ത് മികച്ച പ്രകടനം നടത്തിയ വനിതകളാണ് പട്ടികയിൽ.

അനു അയ്യങ്കാർ(മെർജേഴ്സ് ആൻഡ് അക്വിസിഷൻ ഗ്ലോബൽ ഹെഡ്, ജെപി മോർഗൻ), രുപാൽ ജെ.ബൻസാലി(ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ, ഏരിയൽ ഇൻവെസ്റ്റ്മെന്റ്സ്), സൊനാൽ ദേശായി(ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ,ഫ്രാങ്ക്ലിൻടെംപിൾടൻ), മീന ഫ്ലിൻ(കോ ഹെഡ് ഗ്ലോബൽ പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ്, ഗോൾഡ്മാൻ സാച്ച്), സവിത സുബ്രഹ്മണ്യൻ(യുഎസ് ഇക്വിറ്റി ആൻഡ് ക്വാന്റിറ്റേറ്റീവ് സ്ട്രാറ്റജി ഹെഡ്, ബാങ്ക് ഓഫ് അമേരിക്ക) എന്നിവരാണ് പട്ടികയിൽ ഇടംനേടിയത്.

# വമ്പൻ വായ്പ നേടി റിലയൻസ്

**മുംബൈ:** വിദേശ ബാങ്കുകളിൽ നിന്ന് വമ്പൻ വായ്പാ സമാഹരണം നടത്തി റിലയൻസ്. വിവിധ ബാങ്കുകളിൽനിന്നായി റിലയൻസ് ഇൻഡസ്ട്രീസും ജിയോ ഇൻഫോകോമും സംയുക്തമായി സമാഹരിച്ചത് 500 കോടി ഡോളറിന്റെ വായ്പയാണ്. ഇന്ത്യൻ കോർപറേറ്റ് ചരിത്രത്തിൽ ഒരു കമ്പനി ഒറ്റയടിക്ക് ഇത്രയും വലിയ വായ്പയെടുക്കുന്നത് ആദ്യം. 55 ബാങ്കുകളിൽനിന്നായി 300 കോടി ഡോളറാണ് റിലയൻസ് വായ്പ എടുത്തത്.

ജിയോ 200 കോടി ഡോളർ സമാഹരിച്ചത് 18 ബാങ്കുകളിൽനിന്നാണ്. റിലയൻസ് മൂലധനച്ചെലവുകൾക്കായി തുക ഉപയോഗിക്കും. 5ജി ശൃംഖലയുടെ വ്യാപനത്തിനാകും ജിയോ തുക വിനിയോഗിക്കുക. തയ്‌വാനിലെ 24 ബാങ്കുകൾ, ബാങ്ക് ഓഫ് അമേരിക്ക, എച്ച്എസ്ബിസി, എംയുഎഫ്ജി, സിറ്റി, എസ്എംബിസി തുടങ്ങിയ ബാങ്കുകളിൽനിന്നുൾപ്പെടെയാണ് വായ്പ നേടിയത്.





# കുട്ടികളുടെ പാർക്ക് കാടുകയറി

**വണ്ണപ്പുറം:** കുട്ടികളുടെ പാർക്ക് കാടുകയറി നശിക്കുന്നു. 2003ൽ പാർക്കിനായി 70 സെന്റ് സെന്റ് സ്ഥലം വണ്ണപ്പുറം പ്ലാന്റേഷൻ ക വലയിൽ വാങ്ങി. കുട്ടികളുടെ പ ാർക്കും പകൽ വീടും പണിയാനാ ണ് സ്ഥലം വാങ്ങിയത്. എന്നാൽ പാർക്കിന് വാങ്ങിയ സ്ഥലത്ത് വ ലിയൊരു കുളം നിർമിച്ച് ആ സ്ഥ ലം ഉപയോഗ ശൂന്യമാക്കിയെന്നാ ണ് നാട്ടുകാരുടെ പരാതി.അതേ സമയം ഇപ്പോൾ ഈ കുളത്തിൽ നിന്ന് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാ പനങ്ങൾക്ക് ശുദ്ധജലം എത്തിച്ചു നൽകുന്നുണ്ട്.

എന്നാൽ പാർക്കിനു വാങ്ങിയ സ്ഥലത്ത് വലിയകുളം നിർമിച്ച തിനാൽ മറ്റു വികസന പ്രവർത്തന ങ്ങളുടെ സാധ്യത നഷ്ടപ്പെടുത്തി യെന്ന ആക്ഷേപവും ശക്തമാണ്. ഇപ്പോൾ കുട്ടികളുടെ പാർക്കിനാ യി വാങ്ങിയ സ്ഥലത്ത് പകൽ സ മയങ്ങളിൽ വളർത്തു മൃഗങ്ങൾ ക യറി നടക്കുകയാണ്. സ്ഥലം കാ ടു കയറി. ഇവിടെ ശുചിമുറിയുടെ പണികൾ മാത്രമാണ് പൂർത്തീക രിച്ചിട്ടുള്ളത്. അതിനു ശേഷം മറ്റു പണികൾ ഒന്നും നടന്നിട്ടില്ല.

പാർക്കിന്റെ ചില ഭാഗങ്ങളിൽ നടകൾ നിർമിച്ചിട്ടുണ്ടെങ്കിലും അ തും വേണ്ട വിധം പൂർത്തിയാക്കി യിട്ടില്ല. സ്കൂൾ അടച്ചതിനാൽ കു ട്ടികൾക്ക് ഇവിടെ കളിക്കാനോ മ റ്റ് വിനോദങ്ങൾക്കോ മേഖലയിൽ യാതൊരു സൗകര്യങ്ങളും ഇല്ല . പഞ്ചായത്ത് ഭരണസമിതി മാറി മാ റി വന്നെങ്കിലും ഇക്കാര്യത്തിൽ വേ ണ്ട ശ്രദ്ധ ചെലുത്തുന്നില്ലെന്ന ആ ക്ഷേപവും ശക്തമാണ്.

കുട്ടികളുടെ പാർക്കിനായി വാ ങ്ങിയ സ്ഥലം ഇപ്പോൾ കാട്ടുപള്ള കൾ മൂടിക്കിടക്കുകയാണ്. അടിയ ന്തരമായി ഈ കുട്ടികളുടെ പാർക്ക് യാഥാർഥ്യമാക്കാൻ നടപടി സ്വീക രിക്കണമെന്നാണ് നാട്ടുകാരുടെ ആ വശ്യം. അതേ സമയം പാർക്കിന്റെ പണികൾ പൂർത്തീകരിക്കുന്നതി ന് 10 ലക്ഷം രൂപ വകയിരുത്തിയി ട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് എം.എ.ബിജു പറഞ്ഞു.

## ഷോളയാർ ഡാമിൽ നിന്ന് വെള്ളമൊഴുക്കി; ചാലക്കുടിപ്പുഴയിൽ വീണ്ടും അധിക ജലമെത്തി



**ചാലക്കുടി:** ചാലക്കുടിപ്പുഴത്തടത്തിലെ അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ ഷോളയാർ ഡാമിൽ നിന്ന് ഇന്നലെ മുതൽ അധികജലം തുറന്നു വിട്ടതായി സനീഷ്കുമാർ ജോസഫ് എംഎൽഎ അറിയിച്ചു. പ്രതിദിനം 0.6 എംസിഎം നിരക്കിലാണ് 10 ദിവസം വെള്ളം അധികമായി തുറന്നു വിടുന്നത്. ചാലക്കുടയിലെയും പരിസരപ്രദേശങ്ങളിലെയും അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ അധികജലം തുറന്നു വിടുന്നത് ഉൾപ്പടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നു വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി കഴിഞ്ഞ ദിവസം എംഎൽഎ അഭ്യർഥിച്ചിരുന്നു.

ജലക്ഷാമം രൂക്ഷമായതിനെ തുടർന്ന് ഇതേ അളവിൽ മാർച്ച് ഒന്നു മുതൽ 2 തവണകളിലായി 20 ദിവസം ചാലക്കുടിപ്പുഴയിലേക്ക് അധികജലം തുറന്നു വിട്ടിരുന്നു.ഇപ്പോൾ ലഭിക്കുന്ന അധിക ജലം 14 നു നിലയ്ക്കും. അതിനകം മഴ ലഭിച്ചില്ലെങ്കിൽ കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമാവും. കഴിഞ്ഞ മാസം അധിക ജലം വിട്ട സമയത്തും കനാൽ ജലസേചനം പൂർണ തോതിലാക്കാൻ സാധിച്ചിരുന്നില്ല. ഇനി 10 ദിവസം മാത്രം ജലം ലഭിച്ചാൽ വേനൽക്കാലം താണ്ടാൻ അതു തികയില്ലെന്നാണ് ആശങ്ക. വേനൽ ശക്തമായതോടെ പുഴയോര പ്രദേശങ്ങളിൽ കൃഷിനാശം വ്യാപകമായിരുന്നു.

തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീം വഴി പുഴയുടെ ഇടതുകര, വലതുകര കനാലുകൾ വഴിയെത്തിക്കുന്ന ജലമാണു കാർഷിക ജലസേചനത്തിന് ഉപകരിച്ചിരുന്നത്. ഇതാണു കിണറുകളിൽ ജലസമൃദ്ധി ഉറപ്പാക്കിയിരുന്നതും. കനാലുകളിൽ വെള്ളം എത്താതായതോടെ പല മേഖലയിലും ശുദ്ധജലവും കിട്ടാക്കനിയായി. കിണറുകളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളും വറ്റി വരളുകയും ചെയ്തു. പുഴയിലേക്കു ഷോളയാർ ഡാമിൽ നിന്നു പുറന്തള്ളുന്ന ജലത്തിന്റെ അളവു വർധിപ്പിക്കണമെന്നും വെള്ളം തുറന്നു വിടുന്ന കാലാവധി നീട്ടണമെന്നുമുള്ള ആവശ്യം ശക്തമാണ്.

### അധിക നെല്ലു സംഭരണം

## അവ്യക്തത നീക്കി സപ്ലൈകോ

**പാലക്കാട് :** അധിക നെല്ലു സംഭരണത്തിലെ അവ്യക്തത നീക്കാൻ സപ്ലൈകോ പുതിയ മാ!ർഗനിർദേശം പുറപ്പെടുവിച്ചു. ഇതനുസരിച്ചു കർഷകരിൽനിന്നു മുഴുവൻ നെല്ലും സപ്ലൈകോ സംഭരിക്കും. നെല്ലു സംഭരണത്തിനായി ഫീൽഡ് ഓഫിസർ നൽകുന്ന പച്ച രസീതിൽ ഏക്കറിനു 2200 കിലോയ്ക്കു പുറമേ അധിക നെല്ലിന്റെ അളവും രേഖപ്പെടുത്തും. പിന്നീട് പിആർഎസ് (നെല്ലു സംഭരണ രസീത്) പാസാക്കുമ്പോഴേക്ക് അധിക നെല്ലുൽപാദനം സാക്ഷ്യപ്പെടുത്തിയുള്ള കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

ഇത്തരത്തി!ൽ കൃഷി ഓഫിസറുടെ സാക്ഷ്യപത്രം ഹാജരാക്കിയാൽ മുഴുവൻ നെല്ലും സപ്ലൈകോ സംഭരിക്കും. ഇല്ലെങ്കിൽ 2200 കിലോവരെയുള്ള നെല്ലിനു മാത്രമേ പിആർഎസ് പാസാക്കൂ. ബാക്കി നെല്ലു മാർക്കറ്റ് റേറ്റിൽ മില്ലുകാർക്കു നൽകേണ്ടി വന്നേക്കാം. ഇന്നലെ മുതൽ ഈ രീതിയിലാണു നെല്ലെടുപ്പെന്നു സപ്ലൈകോ വ്യക്തമാക്കി. ഇതോടെ നെല്ലെടുപ്പു സുഗമമാകുമെന്നാണു പ്രതീക്ഷ.

ഫീൽഡ് പരിശോധനയ്ക്കെത്തുന്ന പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫിസർമാർ സാക്ഷ്യപ്പെടുത്തി നൽകണം. ഉൽപാദനം 2200 കിലോയിൽ താഴെയാണെങ്കിൽ നിലവിലെ രീതിയിൽ തന്നെ പിആർഎസ് ലഭിക്കും.

## ഹൈവേ കയ്യേറിയ പെട്ടിക്കടകൾ പൊളിച്ചു നീക്കിത്തുടങ്ങി

**കുട്ടിക്കാനം:** മലയോര ഹൈവേ കയ്യേറി സ്ഥാപിച്ചിരിക്കുന്ന പെട്ടിക്കടകൾ പൊളിച്ചു നീക്കിത്തുടങ്ങി. പൊതുമരാമത്ത്, റവന്യൂ, പൊലീസ് വിഭാഗങ്ങളുടെ നേതൃത്വത്തിലാണ് കടകൾ പൊളിച്ചത്. ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ ഉയർന്നെങ്കിലും ഉദ്യോഗസ്ഥർ നടപടികളിൽ നിന്നു പിന്നോട്ടു പോയില്ല. കഴി!ഞ്ഞ ദിവസം



മൂന്നു ദിവസത്തിനകം കടകൾ പൊളിച്ചു നീക്കണം എന്നു കാട്ടി പൊതുമരാമത്ത് വകുപ്പ് നോട്ടിസ് നൽകിയിരുന്നു. എന്നാൽ കടകൾ സ്ഥാപിച്ചവർ ഇതിനു തയാറായില്ല. ഇതേ തുടർന്നാണ് പൊലീസ് സംരക്ഷണയിൽ ഉദ്യോഗസ്ഥർ എത്തിയത്. കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള 20 കടകൾക്കാണ് നോട്ടിസ് നൽകിയിരിക്കുന്നത്. മലയോര ഹൈവേയുടെ ടാറിങ് പൂർത്തിയായതിനു പിന്നാലെ കടകൾ ഒഴിയണം എന്നാവശ്യപ്പെട്ട് നോട്ടിസ് നൽകിയിരുന്നെങ്കിലും കട സ്ഥാപിച്ചവർ ഇതു പരിഗണിച്ചില്ല.

ഈ സാഹചര്യത്തിലാണ് രണ്ടാം ഘട്ട നോട്ടിസ് നൽകിയത്. ഇതിനിടെ കുട്ടിക്കാനം ജംക്ഷനിൽ കട നടത്തുന്നവർ സാധനങ്ങൾ മാറ്റുന്നതിനു ഏതാനും ദിവസങ്ങൾ കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിനും നിവേദനം നൽകിയിരുന്നു.



### 81, 1098 ഹെൽപ്പ്ലൈൻ സേവനങ്ങൾ വിപുലപ്പെടുത്തും: മന്ത്രി വീണാ ജോർജ്

വിവിധതരം വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്ക് സർക്കാർ സേവനങ്ങൾ ഉറപ്പാക്കുന്ന മിത്ര 181 ഹെൽപ്പ് ലൈനും കുട്ടികൾക്കായുള്ള 1098 ഹെൽപ്പ് ലൈനും വിപുലപ്പെടുത്തുമെന്ന് ആരോഗ്യ വനിത ശിശുവികസന മന്ത്രി വീണാ ജോർജ്. വലിയ രീതിയിലുള്ള മാറ്റമാണ് വിഭാവനം ചെയ്തിരിക്കുന്നത്. അത്യാവശ്യ കോളുകളാണ് വരുന്നതെങ്കിൽ അടിയന്തരമായി പോലീസിലേക്ക് നേരിട്ട് കണക്ട് ചെയ്യാനുള്ള സംവിധാനമുണ്ടാകും. ജില്ലാതലത്തിലും വികേന്ദ്രീകൃതമായി സേവനങ്ങൾ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. വനിത ശിശുവികസന വകുപ്പ് ജില്ലാതല ഓഫീസർമാരുടെ പദ്ധതി പ്രവർത്തന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.


നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികളുടേയും സ്‌കീമുകളുടേയും പുരോഗതി നേരിട്ട് വിലയിരുത്തുന്നതാണ്. പ്രായം കുറഞ്ഞ വകുപ്പാണെങ്കിലും ജനങ്ങൾ ഏറ്റവും പ്രതീക്ഷയർപ്പിക്കുന്ന വകുപ്പാണ് വനിതാ ശിശുവികസനം. ഏറ്റവും കരുതലും ക്ഷേമവും ഉറപ്പാക്കേണ്ടവരാണ് സ്ത്രീകളും കുട്ടികളും. അതിനാൽ വനിതാ ശിശുവികസന വകുപ്പ് കുട്ടികളുടേയും സ്ത്രീകളുടേയും ആശ്രയ കേന്ദ്രമായി മാറണം. ആപത്തുണ്ടായാൽ പെട്ടെന്ന് ആശ്രയിക്കാവുന്ന ഇടമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ മാറണം.

വനിത ശിശുവികസന വകുപ്പിലെ സീനിയർ സൂപ്രണ്ട് മുതൽ യൂണിറ്റ് ഓഫീസർമാർ വരെ ഫീൽഡ്തലത്തിൽ സന്ദർശനം നടത്തി എത്രമാത്രം നേട്ടങ്ങൾ കൈവരിച്ചുവെന്ന് വിലയിരുത്തണം.

# കിഫ്ബി പട്ടികയിൽ നിന്നു പുറത്ത്; നാട്ടിക ഫർക്ക ജലപദ്ധതി നഷ്ടമാവുമെന്ന് ആശങ്ക

**വാടാനപ്പള്ളി:** നാട്ടിക ഫർക്ക ശുദ്ധജല പദ്ധതിയുടെ രണ്ടാം ഘട്ടം നവീകരണത്തിന് കിഫ്ബിയിൽ നിന്നുള്ള സഹായം നഷ്ടപ്പെടുമെന്ന് ആശങ്ക. 133 കോടി രൂപയുടെ ഭരണാനുമതിയാണ് പ്രതീക്ഷിക്കുന്ന പദ്ധതിക്കായി ജനുവരിയിൽ ഏങ്ങണ്ടിയൂർ പഞ്ചായത്ത് ഹാളിൽ നടന്ന അവലോകന യോഗത്തിൽ തീരമേഖലയിലെ എംഎൽഎമാരായ ഇ.ടി.ടൈസൺ, സി.സി.മുകുന്ദൻ, മുരളി പെരുനെല്ലി, എൻ.കെ. അക്ബർ എന്നിവർ രണ്ടാംഘട്ട വികസനത്തിന് ആവശ്യമായ തുക നേടിയെടുക്കാൻ കിഫ്ബിയിൽ സമ്മർദം ചെലുത്തുമെന്ന് ഉറപ്പ് നൽകിയിരുന്നു.

ഏങ്ങണ്ടിയൂർ മുതൽ എസ്എൻപുരം വരെയുള്ള പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തിരുന്നു. എന്നാൽ, കിഫ്ബിയുടെ പുതിയ പദ്ധതി പട്ടികയിൽ നാട്ടിക ഫർക്ക ശുദ്ധജല പദ്ധതിയില്ല. ഇത് പദ്ധതിയുടെ തുക നഷ്ടപ്പെടുമെന്നാണ് സൂചന നൽകുന്നത്.



ഇല്ലിക്കലിൽ നിന്ന് വെള്ളം പമ്പു ചെയ്ത് എത്തുന്ന വെള്ളാനിയിലെ നിലവിലുള്ള ശുദ്ധീകരണശാലയ്ക്ക് പകരമായി 26 ദശലക്ഷം ലീറ്റർ വെള്ളം ശുദ്ധീകരിക്കാനുള്ള പുതിയ കേന്ദ്രത്തിന്റെ നിർമാണം, അതിന് സഹായമായി വലിയ കിണർ,പമ്പ് ഹൗസ്, നിലവിലുള്ള! കാലപ്പഴക്കം വന്ന ജലവിതരണ പൈപ്പുകൾക്ക് പകരമായി പുതിയ പൈപ്പുകൾ സ്ഥാപിക്കൽ എന്നിവയാണ് നവീകരണ പദ്ധതിയിലുള്ളത്.

തീരമേഖലയിലേക്ക് വെള്ളം എത്തിക്കാൻ കാറളം, കാട്ടൂർ വഴി എടത്തിരുത്തിയിൽ എത്തുന്ന വിധത്തിൽ വലിയ പൈപ്പ് ലൈൻ പുതുതായി സ്ഥാപിക്കേണ്ടത്. അവിടെ നിന്ന് തെക്ക് എസ്എൻ പുരത്തേക്കും, വടക്ക് ചേറ്റുവയിലേക്കുമുള്ള ജലവിതരണ പൈപ്പ് മാറ്റിയിടലും പദ്ധതിയുടെ ഭാഗമാണ്. നാല് പതിറ്റാണ്ട് പിന്നിട്ട ജലവിതരണ പൈപ്പുകളും ശുദ്ധീകരണ ഉപകരണങ്ങളുമാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

2018 ൽ പദ്ധതി നിർവഹണത്തിനെത്തിയ കരാറുകാരൻ ജോലി ആരംഭിക്കുന്നതിന് മുൻപ് തന്റെ കരാർ തുക പുനർ ക്രമീകരണം നടത്തി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചിരുന്നു. എന്നാൽ, നേരത്തെയുള്ള തുകയ്ക്ക് നിർമാണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ജല അതോറിറ്റി പുതിയ ടെൻഡർ നടപടിയുമായായി മുന്നോട്ടു പോയി.

പുതിയ ടെൻ!ഡർ സ്വീകരിക്കാൻ ഇതുവരെ ആരും എത്താതിരുന്നതിനെത്തുടർന്നാണ് പുതിയ ഭരണാനുമതി തേടുന്നത്. ചേറ്റുവ, പുളിക്കകടവ്, ചിപ്പിമാട്, ഹാർബർ മേഖല, മണപ്പാട്,നടുവിൽക്കര, പുളിയന്തുരുത്ത്, കലാഞ്ഞി,മുറ്റിച്ചൂർ കടവ് മേഖല, വലപ്പാട്, കഴിമ്പ്രം,ചാമക്കാല,എടുത്തിരുത്തി, പൈനൂർ,കോഴിത്തുമ്പ് എന്നീ പ്രദേശങ്ങളിലാണ് ശുദ്ധജല ക്ഷാമം രൂക്ഷമായി തുടരുന്നത്.

# ഫറോക്ക് പഴയ പാലത്തിനരികെ സമാന്തരപാലം നിർമാണത്തിന് 55 കോടിയുടെ അനുമതി

**ഫറോക്ക്:** ചരിത്ര സാക്ഷിയായി നിലകൊള്ളുന്ന ഫറോക്ക് പഴയ പാലത്തിനു ബദൽ പുതിയൊരു പാലത്തിനു 55 കോടി രൂപയുടെ ഭരണാനുമതി. സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ(സിആർഐഎഫ്)കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ് ഭരണാനുമതി ലഭ്യമാക്കിയതെന്നു മന്ത്രി പി.എ.മുഹമ്മദ് റിയാസ് അറിയിച്ചു. ചാലിയാറിനു കുറുകെ പഴയ പാലത്തിനു സമാന്തരമായി നിലവിലെ പാലത്തിന്റെ കിഴക്കു ഭാഗത്തായി ആധുനിക രീതിയിൽ എക്സ്ട്രാഡോസ്ഡ് കേബിൾ രീതിയിലുള്ള പാലമാണ് നിർമിക്കുക. നദിയിലെ നീരൊഴുക്കിനും ജലഗതാഗതത്തിനും തടസ്സമില്ലാതെ 3 സ്പാനോടെ കൂടി 280 മീറ്റർ നീളത്തിലാണ് പാലത്തിന്റെ രൂപകൽപന.



15 മീറ്റർ വീതിയുണ്ടാകുന്ന പാലത്തിന് ഇരുഭാഗത്തും 150 മീറ്റർ വീതം അപ്രോച്ച് റോഡും നിർമിക്കും. കേബിൾ ചാൽ ഉൾപ്പെടെ പാലത്തിന്റെ ഇരു ഭാഗത്തും നടപ്പാതയും ഒരുക്കും. മരാമത്ത് ദേശീയപാത വിഭാഗത്തിനാണ് നിർമാണ ചുമതല. 18 മാസമാണ് നിർമാണ കാലാവധി തീരുമാനിച്ചിരിക്കുന്നത്. ഒന്നര നൂറ്റാണ്ടോളം പഴക്കമുള്ള ഇരുമ്പു പാലത്തിന്റെ ചരിത്ര ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് ഇതു നിലനിർത്തിയാണു ബദൽ പാലം നിർമിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടി ആവശ്യമായി വരില്ല എന്നതിനാൽ നിലവിലെ പാലത്തോടു ചേർന്നു വീതിയേറിയ പാലം പെട്ടെന്നു നിർമിക്കാൻ കഴിയുമെന്നാണു വിലയിരുത്തൽ. നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം പ്രവൃത്തി ആരംഭിക്കാൻ നിർദേശം നൽകിയതായി മന്ത്രി അറിയിച്ചു.

ഓടു വ്യവസായ നഗരമായ ഫറോക്കിൽ ബ്രിട്ടിഷ് ഭരണ കാലത്ത് 1883ലാണ് ചാലിയാറിനു കുറുകെ കമാന ആകൃതിയിൽ ഇരുമ്പു പാലം നിർമിച്ചത്. ആദ്യകാലത്ത് ഇതുവഴിയായിരുന്നു ട്രെയിൻ ഗതാഗതം. 1924ൽ പുതിയ റെയിൽ പാലം പണിതതോടെ പഴയപാലം റോഡ് ഗതാഗതത്തിനു വിട്ടു നൽകി. വലിയ വാഹനങ്ങൾക്ക് ഒരേസമയം ഇരുവശങ്ങളിലേക്കും കടന്നു പോകാനുള്ള സൗകര്യമില്ല. അതുകൊണ്ടുതന്നെ ഗതാഗതക്കുരുക്ക് പതിവാണ്. കാലപ്പഴക്കവും കേടുപാടുകളും ഏൽപിച്ച തളർച്ച പഴയ പാലത്തെ വല്ലാതെ ബാധിച്ചിരുന്നു. ഇതോടെ ചരിത്രപരമായി ഏറെ പ്രാധാന്യമുള്ള പാലം കഴിഞ്ഞ ഓഗസ്റ്റിൽ 90 ലക്ഷം രൂപ ചെലവിട്ടു നവീകരിച്ചിരുന്നു.

നവീകരണ പ്രവൃത്തികൾക്ക് 66.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള നടപ്പാത പൊളിച്ചു കോൺക്രീറ്റ് ചെയ്ത് മുകളിൽ ടൈൽസ് പാകൽ, പാലത്തിന്റെ ഗർഡറിൽ മാലിന്യം തള്ളുന്നത് തടയാൻ സ്റ്റീൽ കവചം സ്ഥാപിക്കൽ, നടപ്പാതയിൽ സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ പ്രത്യേക ബോക്സിലേക്ക് മാറ്റി സുരക്ഷിതമാക്കൽ എന്നിവയാണ് പദ്ധതി. അടിവശം പെയിന്റ് ചെയ്യുന്നതിനും ഇരുമ്പു പാലത്തിന്റെ കേടായ ഭാഗങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും പാലത്തിൽ തെരുവു വിളക്കുകൾ ഘടിപ്പിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

സമാന്തര പാലം വരുന്നതോടെ നിലവിലുള്ള പാലത്തിലെ ഗതാഗതക്കുരുക്കിനു ശാശ്വത പരിഹാരമാകുമെന്നു മന്ത്രി പറഞ്ഞു

### വ്യാപാര സ്ഥാപനങ്ങളിലും പെട്രോൾ പമ്പുകളിലും പരിശോധന നടത്തി

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന നൂറുദിന പരിപാടിയുടെ ഭാഗമായി ലീഗൽ മെട്രോളജി വകുപ്പ് ഇടുക്കി ജില്ലയിൽ 390 വ്യാപാര സ്ഥാപനങ്ങളിലും 18 പെട്രോൾ പമ്പുകളിലും പരിശോധന നടത്തി. ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 364 വ്യാപാര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ഇവരിൽ നിന്നും 325500 രൂപ പിഴ ഈടാക്കി.

അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര പതിപ്പിക്കാതെ വ്യാപാരാവശ്യത്തിന് ഉപയോഗിച്ച 339 സ്ഥാപനങ്ങൾക്കെതിരെയും പരിശോധന സമയം രേഖകൾ ഹാജരാക്കാത്ത ഒരു സ്ഥാപനത്തിനെതിരെയും രജിസ്ട്രേഷൻ എടുക്കാതെ ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്ത് വില്പന നടത്തിയ 15 സ്ഥാപനങ്ങൾക്കെതിരെയും നിർദ്ദിഷ്ട പ്രഖ്യാപനങ്ങൾ രേഖപ്പെടുത്താത്ത പായ്ക്കറ്റുകൾ വിൽപ്പന നടത്തിയ 9 സ്ഥാപനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചു. വരും ദിവസങ്ങളിലും മിന്നൽ പരിശോധന ശക്തമാക്കുന്നതാണെന്നും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ അറിയിച്ചു.

പരിശോധനയ്ക്ക് ഫ്ളൈയിംഗ് സ്ക്വാഡ് ഡെപ്യൂട്ടി കൺട്രോളർ സി. ഷാമോൻ, അസിസ്റ്റന്റ് കൺട്രോളർ ഷിന്റോ എബ്രാഹം, ഇൻസ്പെക്ടർമാരായ എൽദോ ജോർജ്ജ്, വിപിൻ യു വി, , സജ്ജയ് സോമൻ എന്നിവർ നേതൃത്വം നൽകി. പരിശോധനയിൽ എം എസ് ശ്രീകുമാർ, ജോൺസൺ സി സി, കെ. ഗോപകുമാർ, സനിൽ കുമാർ സി എസ്, അനീഷ് കുമാർ കെ. എസ് , ജോസ് സി .ഇ , അനിൽ കുമാർ സി വി , ഹരീഷ് കെ എന്നിവർ പങ്കെടുത്തു.



# 21 സ്നേഹ വീടുകൾ 10ന് കൈമാറും

**പത്തനംതിട്ട:** മാർത്തോമ്മാ സഭയുടെ യൂഹാനോൻ മാർത്തോമ്മാ, മാത്യൂസ് മാർ അത്തനാസിയോസ് മെമ്മോറിയൽ (ജെഎംഎംഎ) ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ എഴുമറ്റൂർ ഇരുമ്പുകുഴിയിൽ നിർമിച്ച 21 സ്നേഹ വീടുകളുടെ താക്കോൽദാനം 10ന് 3ന് നടക്കും. സഭാംഗം സൗജന്യമായി നൽകിയ 1.73 ഏക്കർ ഭൂമിയിലാണ് 21 വീടുകൾ നിർമിച്ചിരിക്കുന്നത്. 5 സെന്റ് വീതമുള്ള സ്ഥലത്ത് സംസ്ഥാന ഹൗസിങ് ബോർഡിന്റെ ഗൃഹശ്രീ പദ്ധതിയും മാർത്തോമ്മാ സഭയുടെ അഭയവും ചേർന്നാണ് വീടുകൾ ഒരുക്കിയിരിക്കുന്നത്.

സ്നേഹവീട് നഗറിലേക്കുള്ള റോഡ് ആന്റോ ആന്റണി എംപിയുടെ നേതൃത്വത്തിൽ 15 ലക്ഷം രൂപ ചെലവഴിച്ചു കോൺക്രീറ്റ് ചെയ്തു. ശുദ്ധജലത്തിനായി ഒരു സെന്റ് സ്ഥലം കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് വിട്ടു നൽകിയിരുന്നു. കൂടാതെ 7 ലക്ഷം രൂപ ജലസംഭരണി നിർമിക്കാനും അനുവദിച്ചു. ഒരു അങ്കണവാടിക്കുള്ള 5 സെന്റ് സ്ഥലം ജെഎംഎംഎ പഞ്ചായത്തിനു വിട്ടുനൽകിയിരുന്നു.

ഇരുമ്പുകുഴി മാർത്തോമ്മാ നഗറിൽ നടക്കുന്ന പരിപാടി ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യും.

തോമസ് മാർ തിമോത്തിയോസ് അധ്യക്ഷനാകും. മന്ത്രി വീണാ ജോർജ് താക്കോൽദാനം നിർവഹിക്കും. ആന്റോ ആന്റണി എംപി ആധാരം സമർപ്പിക്കും. പ്രമോദ് നാരായൺ എംഎൽഎ ഗാർഹിക ഉപകരണങ്ങൾ വിതരണം ചെയ്യും.

ചടങ്ങിൽ ഡോ. ജോഷ്വ മാർ നിക്കോദീമോസ്, ഡോ. സാമുവൽ മാർ ഐറേനിയസ്, ബിഷപ് തോമസ് സാമുവൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ എന്നിവർ പങ്കെടുക്കുമെന്ന് ഡയറക്ടർ റവ. വി.എസ്. സ്കറിയ, ട്രഷറർ പി.പി. അച്ചൻകുഞ്ഞ് എന്നിവർ അറിയിച്ചു.

# നിക്ഷേപസൗഹൃദ കേരളത്തെ വാണിജ്യബാങ്കുകൾ പിന്തുണക്കണമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:**നിക്ഷേപസൗഹൃദമായി മുന്നോട്ടുകുതിക്കുന്ന കേരളത്തെ വാണിജ്യ ബാങ്കുകൾ പിന്തുണക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് നിലവിൽ മികച്ച നിക്ഷേപസൗഹൃദ അന്തരീക്ഷമാണുള്ളത്. അനാവശ്യ ചുവപ്പുനാടയിൽ കുരുങ്ങി ഒരു സംരംഭകത്വവും പരാജയപ്പെടുന്നത് സർക്കാർ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പുതിയ സാമ്പത്തികവർഷത്തെ പ്രഥമ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തിന്റെ വായ്പാനിക്ഷേപ അനുപാതം ഇനിയും വർധിക്കേണ്ടതുണ്ട്. നിലവിൽ 64 ശതമാനമാണ് വായ്പാനിക്ഷേപ അനുപാതം. ഇത് ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്. കശുവണ്ടി മേഖലയിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ബാങ്കുകൾ ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. കോവിഡ് കാലത്ത് മുടങ്ങിയ വായ്പകളും ഒറ്റത്തവണ തീർപ്പാക്കുന്നത് പരിഗണിക്കണം.

കാർഷിക മേഖലയിൽ കൈവരിച്ച വളർച്ച സ്ഥായിയായി നിലനിർത്തുന്നതിൽ സഹകരണ ബാങ്കുകൾക്കൊപ്പം വാണിജ്യ ബാങ്കുകൾക്കും പ്രധാന പങ്കുണ്ട്. എം.എസ്.എം.ഇ മേഖലയിലും ബാങ്കുകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ദേശീയ ശരാശരിയേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ച കൈവരിച്ച കേരളത്തിന് പ്രതിശീർഷ വരുമാനത്തിൽ സംസ്ഥാനങ്ങളുടെ ഇടയിൽ നാലാം സ്ഥാനം കൈവരിക്കാൻ സാധിച്ചു. സംരംഭകത്വ വർഷമായി ആചരിച്ച 2022 ൽ രണ്ട് ലക്ഷത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 202122 ൽ കാർഷിക മേഖല 4.6 ശതമാനം വളർച്ച രേഖപ്പെടുത്തി. കാർഷിക, ഉൽപ്പാദന മേഖലകൾ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# പള്ളിപ്പുറത്തെ മെഗാ സീഫുഡ് പാർക്ക് ഉദ്ഘാടനം 11ന്



**പൂച്ചാക്കൽ:** പള്ളിപ്പുറത്തെ മെഗാ സീഫുഡ് പാർക്ക് ഉദ്ഘാടനം 11ന് രാവിലെ 10.30ന് മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്രമന്ത്രി പശുപതി കുമാർ പരസും ചേർന്നു നിർവഹിക്കും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും. മന്ത്രി പി. പ്രസാദ് മുഖ്യാതിഥിയാകും. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായാണ് ഉദ്ഘാടനം . പള്ളിപ്പുറം വ്യവസായ കേന്ദ്രത്തിൽ വ്യവസായ വികസന വകുപ്പിന്റെ 84.05 ഏക്കറിൽ 128.49 കോടി രൂപ ചെലവഴിച്ചാണ് ഫുഡ് പാർക്ക് സ്ഥാപിച്ചത്. ഒന്നാം ഘട്ടമായ 68 ഏക്കറിലാണ് പാർക്ക് സജ്ജമാക്കിയത്.

റോഡ്, വൈദ്യുതി, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ് ഉൾപ്പെടെയുള്ള പ്രോസസിങ് ഫെസിലിറ്റികളുടെ നിർമാണവും പൂർത്തിയായി.

നിലവിൽ 31 യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചതിൽ 12 യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. യൂണിറ്റുകൾ പൂർണമായി പ്രവർത്തനക്ഷമമാകുമ്പോൾ 1000 കോടി രൂപയുടെ നിക്ഷേപവും 3000 തൊഴിലവസരങ്ങളുമാണ് ഉണ്ടാകുക. മലിനജല സംസ്കരണ ശാല, കോൾഡ് സ്റ്റോർ, ഡീപ്ഫ്രീസർ, ഡിബോണിങ് യൂണിറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഏജൻസിയെ നിയമിച്ചിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.

രണ്ടാം ഘട്ടത്തിൽ 16 ഏക്കറിൽ അടിസ്ഥാന സൗകര്യ വികസനം പുരോഗമിക്കുകയാണ്. ഫുഡ് പാർക്കിന്റെ പദ്ധതി അടങ്കൽ തുക 128.49 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സഹായവും 72.49 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും ബാക്കി വായ്പയുമാണ്. 2017 ജൂൺ 11ന് മുഖ്യമന്ത്രി പിണറായി വിജയനാണ് പാർക്കിന് ശിലയിട്ടത്.

## ലൈസൻസിയെ നിയമിക്കുന്നു

കൊല്ലം കോർപ്പറേഷനിലെ 12ാം വാർഡ് (കെ എസ് ആർ ടി സി സ്റ്റാൻഡ്) 1207028 നമ്പർ ന്യായവില കട ലൈസൻസിയെ സ്ഥിരമായി നിയമിക്കുന്നു. അപേക്ഷയുടെ മാതൃകയും അനുബന്ധ വിവരങ്ങളും ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലും, ലഭിക്കും. മെയ് നാലിന് വൈകിട്ട് മൂന്നിനകം നേരിട്ടോ തപാൽ മുഖേനയോ ജില്ലാ സപ്ലൈ ഓഫീസിൽ അപേക്ഷ ലഭ്യമാക്കണം.

കവറിന് മുകളിൽ എഫ് പി എസ് (റേഷൻ കട) നമ്പർ 1207028, കൊല്ലം താലൂക്ക്, നോട്ടിഫിക്കേഷൻ നമ്പർ 01/ 2023 നമ്പർ പരസ്യപ്രകാരം എന്ന് എഴുതണം.

വിശദവിവരങ്ങൾക്ക് ജില്ലാ സപ്ലൈ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ 0474 2794818.

## സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ ഇന്ത്യ മാതൃക തീർക്കും

സ്ത്രീകളുടെ ജീവിതപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ഇന്ത്യ ലോകത്തിനു മാതൃകയായി മുന്നേറുകയാണെന്ന് കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറി ഇന്ദീവർ പാണ്ഡെ പറഞ്ഞു. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടക്കുന്ന രണ്ടാമതു ജി20 എംപവർ യോഗത്തിന്റെ ഭാഗമായി മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്കിടയിൽ ആർത്തവ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഫാർമസികൾ (ജൻ ഔഷധി കേന്ദ്രങ്ങൾ) വഴി 310 ദശലക്ഷം ഓക്സോബയോഡീഗ്രേഡബിൾ സാനിറ്ററി ഉൽപ്പന്നങ്ങൾ ഒരു രൂപയ്ക്കു വിതരണം ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി സ്ത്രീകളുടെ എണ്ണത്തിലുണ്ടായ വർധന മികച്ച സൂചകമാണ്. സ്ത്രീകളുടെ സംരംഭകത്വം, നേതൃശേഷി, സാമ്പത്തിക സഹായങ്ങൾ എന്നീ വിഷയങ്ങളിൽ ഗൗരവമേറിയ ചർച്ചകളാണ് സെഷനുകളിൽ നടക്കുന്നത്.



# മാലിന്യശേഖരണം;കൊച്ചിക്ക് ഹരിത കർമ്മസേനയായി

**കൊച്ചി:** കൊച്ചി നഗരത്തിലെ ഹരിത കർമ്മസേനാംഗങ്ങളുടെ രജിസ്ട്രേഷനും, പരിശീലനവും പൂർത്തിയായി. മൂന്ന് ദിവസങ്ങളിലായി എറണാകുളം ബി.ടി.എച്ച്. ഹോട്ടലിൽ വച്ചാണ് രജിസ്റ്റർ ചെയ്ത ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള പരിശീലനം പൂർത്തീകരിച്ചത്. അടുത്ത ദിവസം മുതൽ വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം ഇവരുടെ ചുമതലയായിരിക്കും. നഗരത്തിലെ ഡിവിഷനുകളിലെ വീടുകളുടെ ക്ലസ്റ്ററുകൾ നിർണയിച്ചാകും ഇവർക്ക് ചുമതല നൽകുന്നത്.

പ്രാഥമിക കണക്കുകൾ പ്രകാരം അവസാന ദിവസമായ ബുധനാഴ്ച വരെ ആകെ 754 പേരാണ് കൊച്ചി നഗരത്തിലെ ഹരിതകർമ്മ സേനാംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കൊച്ചി നഗരത്തിൽ മാലിന്യ ശേഖരണം നടത്തിയിരുന്ന ആയിരത്തിലധികം തൊഴിലാളികൾ പങ്കെടുത്ത് മാർച്ച് 21 ന് ടൗൺ ഹാളിൽ ആദ്യ യോഗം ചേർന്നിരുന്നു. ഇവരുടെ ആശങ്കകൾ കൂടി കേട്ട ശേഷമാണ് ഈ തൊഴിലാളികളെ ഹരിതകർമ്മ സേനാംഗങ്ങൾ എന്ന നിലയിൽ രജിസ്റ്റർ ചെയ്ത് പരിശീലന നടപടികൾ പൂ'ർത്തിയാക്കിയത്.കൊച്ചി നഗരസഭയും, ശുചിത്വമിഷനും, കുടുംബശ്രീ മിഷനും, നവകേരള മിഷനും സഹകരിച്ചാണ് ഹരിത കർമ്മ സേനാംഗങ്ങളുടെ രജിസ്ട്രേഷനും, പരിശീലനവും പൂർത്തീകരിച്ചത്.



കൊച്ചിയെ ശുചിത്വമുള്ള നഗരമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നഗരത്തിലെ ഹോസ്റ്റൽ, ലോഡ്ജ്, ഹോംസ്റ്റേ ഉടമകളുടെ യോഗം നടന്നു. ജൈവ, അജൈവ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മേയർ യോഗത്തിൽ അവതരിപ്പിച്ചു.എല്ലാ ഹോസ്റ്റലുകളിലും ലോഡ്ജുകളിലും, ഹോംസ്റ്റേകളിലും ബയോബിൻ അടക്കമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതിൻറെ ആവശ്യകത യോഗം ചർച്ച ചെയ്തു. ഇതുവഴി മാലിന്യം വളമാക്കി മാറ്റാൻ സാധിക്കും.ഹോസ്റ്റൽ, ലോഡ്ജ്, ഹോംസ്റ്റേ എന്നിവിടങ്ങളിലെ മലിനീകരണം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

നിരോധിച്ച പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവ വസ്തുക്കൾ പൂർണമായും ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉൾപ്പടെയുള്ളവ ഉപയോഗിക്കുവാൻ ശ്രമിക്കും. ഓരോ മുറിയിലും ഭക്ഷണാവശിഷ്ടങ്ങൾ ശേഖരിക്കുന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ ശേഖരിക്കുന്നതിനുമായി പ്രത്യേകം സംവിധാനങ്ങൾ തയ്യാറാക്കും. മുറി എടുക്കുന്നവർക്ക് ഇതു സംബന്ധിച്ച് കൃത്യമായ അവബോധം നൽകും.മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹോസ്റ്റൽ, ലോഡ്ജ്, ഹോംസ്റ്റേ ഉടമകൾക്കുണ്ടായിരുന്ന ആശങ്കകൾ പരിഹരിക്കാൻ കഴിഞ്ഞു. നഗരത്തിലെ പുതിയ മാലിന്യ സംസ്കരണ സംവിധാനത്തിന് പൂർണ പിന്തുണ നൽകുമെന്ന് ഹോസ്റ്റൽ, ലോഡ്ജ്, ഹോംസ്റ്റേ ഉടമകൾ ഉറപ്പുനൽകി.യോഗത്തിൽ ശുചിത്വമിഷൻ പ്രതിനിധികൾ വിവിധ സേവനദാതാക്കൾ, നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഹരിത വൈദ്യുതി പ്രഭയിൽ എന്റെ കേരളം പ്രദർശന നഗരി

**കൊച്ചി:** മറൈൻ ഡ്രൈവിൽ നടന്നുവരുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയുടെ വേദിയും സ്റ്റാളുകളും പൂർണമായും പ്രവർത്തിക്കുന്നത് ഹരിത വൈദ്യുതിയിലാണ്. സാധാരണയായി ഇത്തരം താൽക്കാലിക വേദിയിൽ വലിയ മേളകൾ നടക്കുമ്പോൾ ഡീസൽ ജനറേറ്റുകളാണ് വൈദ്യുത സ്രോതസായി ഉപയോഗിക്കാറുള്ളത്. എന്നാൽ മറൈൻ ഡ്രൈവിൽ കെ.എസ്.ഇ.ബി 2018 മുതൽ പ്രത്യേക ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഇതുവഴി ഇത്തരം പരിപാടികൾ നടക്കുമ്പോൾ താൽക്കാലിക കണക്ഷൻ കൊടുക്കാൻ കഴിയും. ഇതിനായി 990 കെ.വി.എ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളാണ് നിലവിൽ ഇവിടെ ക്രമീകരിച്ചിട്ടുള്ളത്.

ഡീസൽ ജനറേറ്ററാണ് എങ്കിൽ ഇത്രയും വൈദ്യുതി ഉത്പാദിപ്പിക്കാൻ 500 കെ.വിയുടെ അഞ്ച് ഡീസൽ ജനറേറ്റുകൾ വേണ്ടിവരുമെന്ന് കെ.എസ്.ഇ.ബി അധികൃതർ പറഞ്ഞു. ഇത്രയും ജനറേറ്റുകൾ എട്ട് ദിവസം പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിന്റെ തോത് വളരെ വലുതായിരിക്കും. ഒപ്പം കെ.എസ്.ഇ.ബി വൈദ്യുതിയെ അപേക്ഷിച്ച് ചെലവ് നാലിരട്ടിയാവുകയും ചെയ്യും. അതേ സ്ഥാനത്താണ് ഇപ്പോൾ മലിനീകരണമില്ലാതെ കൃത്യതയോടെ കെ.എസ്.ഇ.ബി വൈദ്യുതി എത്തിക്കുന്നത്.


## ദർഘാസ് ക്ഷണിച്ചു

**തൊടുപുഴ:** ജില്ലാ ആശുപത്രിയിലെ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 11 മാസത്തേക്ക് വാഹനം ലഭ്യമാക്കുന്നതിന് മത്സരസ്വഭാവമുള്ള മുദ്രവെച്ച ദർഘാസ് ക്ഷണിച്ചു. ടാക്സി പെർമിറ്റുള്ള 7 പേർക്ക് യാത്ര ചെയ്യാൻ സൗകര്യമുള്ള വാഹനമുള്ള ഉടമകൾക്ക് ദർഘാസ് സമർപ്പിക്കാം. ടെൻഡർ ഫോമുകൾ ഏപ്രിൽ 10 മുതൽ ജില്ലാ മാനസികാരോഗ്യ പരിപാടി ഓഫീസിൽ നിന്ന് വിതരണം ചെയ്യും. ഏപ്രിൽ 20 രാവിലെ 10.30 വരെ അപേക്ഷകൾ സ്വീകരിക്കും. അന്നേ ദിവസം 11 ന് ടെൻഡർ തുറക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 222630.

# നെടുങ്കയം ഇക്കോ ടൂറിസം കേന്ദ്രം നവീകരണ പദ്ധതി അവസാനഘട്ടത്തിൽ

**നിലമ്പൂർ:** കരുളായി വനത്തിലെ നെടുങ്കയം ഇക്കോ ടൂറിസം കേന്ദ്രം നവീകരണം അവസാനഘട്ടത്തിൽ. ബ്രിട്ടിഷ് പാരമ്പര്യവും ആദിവാസി പെരുമയും സമ്മേളിക്കുന്ന കേന്ദ്രം കൂടുതൽ ആകർഷകമാക്കാൻ വനം വകുപ്പ് 1.23 കോടി രൂപയാണ് ചെലവഴിക്കുന്നത്.സംസ്ഥാനത്തെ പ്രധാന ആനപിടിത്ത കേന്ദ്രങ്ങളിലൊന്നായിരുന്നു നെടുങ്കയം. ആനപ്പന്തിയും വാരിക്കുഴികളും പഴയകാല പ്രതാപത്തിന്റ ശേഷിപ്പികളാണ്. ഏഷ്യ വൻകരയിൽ അവശേഷിക്കുന്ന ഗുഹാ മനുഷ്യരെന്ന് നരവംശ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്ന ചോലനായ്ക്കർ വിഭാഗത്തിന്റെ ആവാസ കേന്ദ്രമാണ് കരുളായി വനം. ബ്രിട്ടിഷ് ഭരണത്തിന്റ കയ്യൊപ്പുകളായ നെടുങ്കയം ഗസ്റ്റ് ഹൗസ്, ഇരുമ്പ് പാലങ്ങൾ എന്നിവ തനിമയോടെ ഇന്നും തല ഉയർത്തി നിൽക്കുന്നു.

കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ പ്രവേശന കവാടമാണ് നെടുങ്കയം ഇക്കാേ ടൂറിസം കേന്ദ്രം. 227 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സങ്കേതം 2019




ഓഗസ്റ്റ് 17ന് ആണ് നിലവിൽ വന്നത്. ആധുനിക നെടുങ്കയത്തിന്റ ശിൽപി വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടിഷുകാരനായ ഫോറസ്റ്റ് എൻജിനീയർ ഇ.എസ്.ഡോസന്റ പ്രതിമ കവാടത്തിനരികെ സ്ഥാപിച്ചു. നെടുങ്കയം, ചെറുപുഴ ഗർഡർ പാലങ്ങൾ, ഗെസ്റ്റ് ഹൗസ് എന്നിവയുടെ ശിൽപിയാണ് ഡോസൻ.

15 വർഷം ഡോസൻ നെടുങ്കയത്ത് സേവനം ചെയ്തു. അന്ത്യവും നെടുങ്കയത്താണ്. 1938 ഒക്ടോബർ 9ന് കരിമ്പുഴയിൽ മുങ്ങിമരിക്കുകയായിരുന്നു. നെടുങ്കയത്തെ ജീവന് തുല്യം സ്നേഹിച്ച ഡോസനെ അദ്ദേഹത്തിന്റെ ഭാര്യയുടെ അഭിലാഷപ്രകാരം അവിടെ കല്ലറയിൽ സംസ്കരിച്ചു. അവഗണിക്കപ്പെട്ട് കിടന്ന കല്ലറ ടൂറിസം പദ്ധതിയിൽ നവീകരിച്ചു.

കരിമ്പുഴ വന്യജീവി സങ്കേതത്തിൽ പുഴകളിൽ അപൂർവ ഇനം മത്സ്യങ്ങളെ കണ്ടു വരുന്നു. അവയിൽ ഏറ്റവും വംശനാശ ഭീഷണിയുള്ള മലബാർ മഹ്സീർ ആണ് സങ്കേതത്തിന്റെ ഐക്കണായി തിരഞ്ഞെടുത്തത്. കരിമ്പുഴയിൽ ഉൾവനത്തിൽ കണ്ടുവരുന്ന മത്സ്യം റെഡ്ഫിൻ മഹ്സീർ എന്ന് അറിയപ്പെടുന്നു. 1930 കളിൽ പിടിച്ച മലബാർ മഹ്സീറിന് 12 കിലോഗ്രാം തൂക്കം ഉണ്ടായിരുന്നെന്ന് അന്നത്തെ ഡിഎഫ്ഒ സി.എസ്.ബ്രൗൺ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം വരച്ച മത്സ്യത്തിന്റ രേഖാചിത്രം നോർത്ത് ഡിവിഷൻ ഓഫിസിൽ ഇപ്പോഴുമുണ്ട്. മലബാർ മഹ്സീറിന്റ ജീവൻ തുടിക്കുന്ന ശിൽപം നെടുങ്കയത്ത് സ്ഥാപിച്ചു.

ഡൽഹിയിൽ റിപ്പബ്ലിക് ദിനാഘോഷത്തിൽ രാഷ്ട്രപതിയുടെ ആതിഥ്യം സ്വീകരിച്ച് പങ്കെടുത്ത ചോലനായ്ക്കർ മൂപ്പൻ കരിമ്പുഴ മാതൻ, ഭാര്യ കരിക്ക എന്നിവരുടെ പ്രതിമകളും നെടുങ്കയത്ത് സ്ഥാപിച്ചിട്ടുണ്ട്. 2022 ജനുവരി 26ന് ഉൾവനത്തിൽ വച്ച് ആനയുടെ ആക്രമണത്തിൽ മാതൻ കൊല്ലപ്പെട്ടു. ആർട്ടിസ്റ്റ് സി.എ.മനുവാണ് കവാടം, പ്രതിമകൾ, ശിൽപം എന്നിവ നിർമിച്ചത്. പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്കയം ഗെസ്റ്റ് ഹൗസ് പുനരുദ്ധരിച്ചു. സഞ്ചാരികൾക്കായി ഡോർമിറ്ററി, പ്രകൃതി പഠന ക്ലാസുകൾ നടത്താൻ അമ്നിറ്റി സെന്റർ എന്നിവയുടെ നിർമാണം പുരോഗമിക്കുന്നു. കാട്ടുതീ ഭീഷണിയുള്ളതിനാൽ ഇക്കോ ടൂറിസം കേന്ദ്രം അടച്ചിട്ടിരിക്കയാണ്. നല്ല രീതിയിൽ വേനൽ മഴ ലഭിച്ചാൽ പ്രവേശനം പുനരാരംഭിക്കും.



## സുവോളജിക്കൽ പാർക്ക്: വിരാമമാകുന്നത് 30 വർഷത്തെ കാത്തിരിപ്പ്

**പുത്തൂർ:** ദിവസങ്ങൾ എണ്ണി കാത്തിരിപ്പിലാണ് പുത്തൂർ ഗ്രാമം. കാൽനൂറ്റാണ്ടായുള്ള കാത്തിരിപ്പാണ് കടുവകൾ എത്തുന്നതോടെ അവസാനിക്കുന്നത്. 1985ൽ ആണ് സുവോളജിക്കൽ പാർക്ക് പുത്തൂരിൽ സ്ഥാപിക്കുമെന്ന പ്രചരണം ചൂടുപിടിക്കുന്നത്.നിലവിലെ തൃശൂർ മൃഗശാല പരിമിതികളിൽ വീർപ്പുമുട്ടി മൃഗങ്ങൾ കൊടിയ പീഡനങ്ങൾ നേരിടുന്നുവെന്ന ആക്ഷേപം ഉയർന്നു. 1992ൽ വൈലോപ്പിള്ളി ശ്രീധരമേനോൻ കൃഷ്ണമൃഗം എന്ന തൻറെ കവിതയിലൂടെ തൃശൂർ മൃഗശാലയുടെ പരിതാപകരമായ അവസ്ഥ വരച്ചുകാണിച്ചു. ഇതിനിടെ 94ൽ തൃശൂർ മൃഗശാലയിലേക്ക് കേന്ദ്രം നൽകിയിരുന്ന ഗ്രാൻറ് നിർത്തി. ഇതോടെ മൃഗശാല വിശാലമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ ചർച്ചകൾ സജീവമായി.

പീച്ചിയിലേയും രാമവർമപുരത്തെയും സ്ഥലങ്ങൾക്കായി നീക്കം നടത്തിയെങ്കിലും വിജയിച്ചില്ല. തുടർന്നാണ് പുത്തൂരിലെ വനംവകുപ്പിൻറെ കീഴിലുള്ള സ്ഥലം സർക്കാരിൻറെ സജീവ പരിഗണനയിൽ വന്നത്. 96ൽ തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിന് തത്വത്തിൽ ധാരണയായി. ഇതിനിടെ എം. പീതാംബരൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഫ്രണ്ട് ഓഫ് സൂ രൂപീകരിച്ച് മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനുള്ള നിരന്തര പരിശ്രമങ്ങൾ തുടങ്ങി. ഇതിൻറെ ഭാഗമായി സാമൂഹിക, സാമ്പത്തിക, സർവേ നടത്തി. 96ൽ കളക്ടറായിരുന്ന രാജീവ് സദാനന്ദൻറെ നേതൃത്വത്തിൽ യോഗം ചേർന്ന് സർവേ നടത്താൻ സർക്കാരിൽനിന്ന് അംഗീകാരം നേടിയെടുത്തു.2011 ൽ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി വനംവകുപ്പിൻറെ ഭൂമി വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ നേതൃത്വം വഹിച്ചു. നങ്ങൾക്ക് തുറന്നുകൊടുക്കും.



# കാറ്റ് വീശിയത് 43 കി.മീ. വേഗത്തിൽ, അടൂരിൽ ലക്ഷങ്ങളുടെ നാശനഷ്ടം

**അടൂർ:** അടൂരിലും പരിസരങ്ങളിലും ചൊവ്വാഴ്ച ഉച്ച കഴിഞ്ഞു വീശിയടിച്ച കാറ്റിനു മണിക്കൂറിൽ 43 കിലോമീറ്റർ വേഗം. ഏനാദിമംഗലത്താണ് കാറ്റിൻറെ ശക്തി ഏറ്റവും പ്രകടമായതെന്നു പത്തനംതിട്ടയിലെ കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങളിൽ രേഖപ്പെടുത്തിയ കണക്കുകളിൽ പറയുന്നു. ഉച്ചകഴിഞ്ഞ് 3.30 ഓടെയാണ് പല ഭാഗങ്ങളിലും കാറ്റ് വീശിത്തുടങ്ങിയത്. നാലോടെ ഇതിൻറെ വേഗം കൂടി. അടൂർ ടൗണിൽ അടക്കം ശക്തമായ കാറ്റാണ് വീശിയത്.

കടകളുടെ ബോർഡുകളും മറ്റും പറന്നുപോയി. കൂറ്റൻ ബോർഡുകൾ പലേടത്തും തകർന്നുവീണു. മരങ്ങൾ കടപുഴകിയും ശിഖരങ്ങൾ ഒടിഞ്ഞുവീണും നാശനഷ്ടമുണ്ടായി. വൈദ്യുത പോസ്റ്റുകളും ലൈനുകളും നിലംപതിച്ചു. ഇന്നലെ തകരാറിലായ വൈദ്യുതി ബന്ധം പലേടങ്ങളിലും പുനഃസ്ഥാപിച്ചിട്ടില്ല.പ്രാഥമിക കണക്കുകളിൽ 22 വീടുകൾക്കു പൂർണമായ നാശനഷ്ടമുണ്ടായത്. ഏറത്ത് വില്ലേജിൽ മാത്രം 15 വീടുകൾ തകർന്നു. ചൂരക്കോട്ട് ആഞ്ഞിലിമരത്തിൻറെ ശിഖരം ഒടിഞ്ഞുവീണുണ്ടായ അപകടത്തിൽ സ്കൂട്ടർ യാത്രക്കാരനായ മനു മോഹൻ തത്ക്ഷണം മരിച്ചിരുന്നു. മരം വീണു തടസപ്പെട്ട ഗതാഗതം രാത്രിയോടെ പുനഃസ്ഥാപിച്ചു. വൻതോതിൽ കൃഷിനാശവുമുണ്ടായി. നാശനഷ്ടമുണ്ടായ പ്രദേശങ്ങൾ റവന്യൂ, കൃഷിവകുപ്പ് ഉദ്യോഗസ്ഥരും സന്ദർശിച്ചു.

അതിശക്തമായ മഴയിൽ മരം ഒടിഞ്ഞു വീണുണ്ടായ അപകടത്തിൽ മരിച്ച സ്കൂട്ടർ യാത്രക്കാരൻ നെല്ലിമുകൾ സ്വദേശി മനുമോഹൻറെ കുടുംബത്തിന് അടിയന്തര സാമ്പത്തിക സഹായം നൽകുമെന്നു ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. നാശനഷ്ടമുണ്ടായ പ്രദേശ്ങ്ങൾ ചിറ്റയം ഗോപകുമാർ ഇന്നലെ സന്ദർശിച്ചു.

കഴിഞ്ഞ ദിവസം ഉണ്ടായ കാറ്റിലും മഴയിലും അടൂരും പന്തളത്തും ചൂരക്കോടും മണ്ണടിയിലും ഏനാത്തുമെല്ലാം വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായത്.

വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും അടിയന്തര സാമ്പത്തിക സഹായം എത്തിക്കാൻ മുഖ്യമന്ത്രിയോടും റവന്യൂ മന്ത്രിയോടും അഭ്യർഥിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

നാശനഷ്ടം സംബന്ധിച്ച കണക്കെടുപ്പുകൾ ഉടൻ പൂർത്തീകരിക്കാനുള്ള നിർദേശം റവന്യൂ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്കു നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലത്ത് ഒരുങ്ങുന്നു പുതിയ കോടതി സമുച്ചയം

**ഒറ്റപ്പാലം:** വിവാദങ്ങൾക്കൊടുവിൽ ഒറ്റപ്പാലത്ത് പുതിയതായി നിർമിക്കുന്ന കോടതി സമുച്ചയം കണ്ണിയ പുറത്ത് സ്ഥാപിക്കും. കണ്ണിയംപുറം കാഞ്ഞിരപ്പുഴ ഇറിഗേഷൻ വകുപ്പിൻറെ സ്ഥലത്താണ് ഒറ്റപ്പാലത്തെ മുഴുവൻ കോടതികളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന കോടതി സമുച്ചയം നിർമിക്കാൻ പോകുന്നത്.

ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനും നിർമാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും പ്രത്യേക യോഗം ചേർന്നു.

കെ.പ്രേംകുമാർ എംഎൽഎയുടെ സാന്നിധ്യത്തിൽ ജില്ലാ ജഡ്ജിയുടെ ചുമതല വഹിക്കുന്ന കെ.തങ്കച്ചൻറെ ചേമ്പറിലാണ് യോഗം ചേർന്നത്. അഡീഷണൽ ജില്ലാ ജഡ്ജി പി.സെയ്തലവി, ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര, ഡെപ്യൂട്ടി കളക്ടർ എൻ.ബാലസുബ്രമണ്യം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ കെ.ജാനകി ദേവി, പാലക്കാട് ജണ ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സി.രാജേഷ് ചന്ദ്രൻ , പാലക്കാട് ശിരുവാണി പ്രൊജക്ട് സർക്കിൾ സൂപ്പറിൻറൻറിംഗ് എൻജിനീയർ കെ.സിന്ധു, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് എക്സിക്യൂട്ടീവ് എൻജിനീയർ സി പി. ലെവിൻസ് ബാബു, ബാർ അസോസിയേഷൻ പ്രസിഡൻറ് പി. എൻ. ബാലഗോപാൽ, ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ.സി എ ജയപ്രകാശ്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി സെക്രട്ടറി എ.പ്രദീപ് , പി ഡബ്ല്യു ഡി ബിൽഡിംഗ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ കെ.ജയരാജ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്ത് വിഷയങ്ങൾ ചർച്ച ചെയ്തു.ഏറെ ചരിത്ര പ്രാധാന്യമുള്ള കെട്ടിടം പൊളിച്ചുമാറ്റാൻ അനുവദിക്കില്ലെന്ന നിലപാടാണ് ചില കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവന്നത്. ഇതോടുകൂടി ഒറ്റപ്പാലം പഴയ കോടതി കെട്ടിടം പഴമ നിലനിർത്തിക്കൊണ്ടുതന്നെ പുരാവസ്തു വകുപ്പ് ഏറ്റെടുക്കും എന്നാണ് സൂചന.

ഇറിഗേഷൻറെ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു.

# വാഗമൺ സഞ്ചാരികളെ മാടിവിളിക്കുന്നു

**ഉപ്പുതറ:** വാഗമൺ വിനോദസഞ്ചാര കേന്ദ്രം സഞ്ചാരികൾക്കായി അണിഞ്ഞൊരുങ്ങി. കരിഞ്ഞുണങ്ങിയ പുൽമേടുകൾ വേനൽമഴയോടെ പച്ച പുതച്ചപ്പോൾ വാഗമൺ കൂടുതൽ മനോഹരിയായി. പൊള്ളുന്ന വേനൽച്ചൂടിൽനിന്നു മാറി വാഗമണ്ണിൽ കോടമഞ്ഞും തണുപ്പും പച്ചപ്പും മോടിപിടിച്ചതോടെ ഇത് ആസ്വദിക്കാൻ സഞ്ചാരികളും എത്തിത്തുടങ്ങി.

മധ്യവേനൽ, ഈസ്റ്റർ, വിഷു അവധി ആഘോഷിക്കാൻ കേരളത്തിനകത്തുനിന്നും പുറത്തുനിന്നും എത്തുന്ന വിനോദസഞ്ചാരികളെ വരവേൽക്കാൻ വാഗമൺ ഒരുങ്ങിക്കഴിഞ്ഞു. ഇനിയുള്ള ദിവസങ്ങൾ വിനോദസഞ്ചാരത്തിൻറെ നാളുകളാണ്. കൂടുതൽ സഞ്ചാരികൾ എത്തുമെന്ന പ്രതീക്ഷയിലാണ് ഡിടിപിസി യും ടൂറിസവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരും .വേനലവധി ദിനങ്ങളുടെ തുടക്കത്തിൽ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാനാ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളാണ് കൂടുതലായും എത്തിത്തുടങ്ങിയത്. ഏപ്രിൽ, മേയ് മാസങ്ങളിലാണ്



ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ വാഗമണ്ണിൽ എത്തുന്നത് .

സഞ്ചാരികളുടെ വരവും കാത്തിരിക്കുകയാണ് റിസോർട്ട്, ഹോം സ്റ്റേ ഉടമകളും. വിനോദസഞ്ചാരികൾക്കു വേണ്ട സൗകര്യങ്ങളൊരുക്കി ഡിടിപിസി അധികൃതരും സജീവമായിട്ടുണ്ട്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ടൂറിസ്റ്റുകൾക്കായി വാഗമൺ മൊട്ടക്കുന്നിൽ ആകർഷകമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വാഗമണ്ണിലേക്കുള്ള പ്രധാന റോഡുകളെല്ലാം ഇപ്പോൾ ആധുനിക നിലവാരത്തിലുള്ളതാക്കിയിട്ടുണ്ട്. മുണ്ടക്കയം മുതൽ കുട്ടിക്കാനം ഏലപ്പാറ വാഗമൺ ഹൈവേകൾ ഉന്നത നിലവാരത്തിൽ പൂർത്തീകരിച്ചു. പാലാ ഈരാറ്റുപേട്ട വാഗമൺ റോഡും ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയതോടെ സഞ്ചാരികളുടെ യാത്രാ സൗകര്യവും മെച്ചപ്പെട്ടിട്ടുണ്ട്.

വാഗമണ്ണിലെത്തുന്ന സഞ്ചാരികൾക്ക് തൊട്ടടുത്ത ടൂറിസ്റ്റ് കേന്ദ്രങ്ങളായ പാഞ്ചാലിമേട്, പരുന്തുംപാറ, തേക്കടി എന്നിവയും സന്ദർശിച്ച് മടങ്ങാവുന്ന തരത്തിൽ സന്ദർശന പാക്കേജ് തയ്യാറാക്കിയാണ് എത്തുന്നത്.

കഴിഞ്ഞ രണ്ടുവർഷം കോവിഡ് പ്രതിസന്ധിയെ തുടർന്ന് അടഞ്ഞു കിടന്നിരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ പുതിയ ഉണർവിലാണിപ്പോൾ.